## പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ (ഭരണവിഭാഗം, തിരുവനന്തപുരം)
## നടപടിക്രമം

വിഷയം:- ജീവനക്കാര്യം-പൊ.മ.വ-മൂന്നാംഗ്രേഡ് ഓവർസിയർ ശ്രീമതി ലത.എം.എസ്സിനെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്

സൂചന:- 1. 07/11/2012 ലെ ഉത്തരവ് നമ്പർ എസ് സി4/18334/06
2. കത്ത് നമ്പർ 121/05 തീയതി 14/01/2015
3. നോട്ടീസ് നമ്പർ **എസ്.സി4/18234/15** തീയതി 25 /09/2015

**ഉത്തരവ് നമ്പർ എസ്.സി4/18234/15 തീയതി 31/10/2015**

സൂചന (2) ലെ കത്തിലൂടെ പൊതുമരാമത്തുവകുപ് റോഡ്സ് സെക്ഷൻ, ആലുവയിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ടി ഓഫീസിലെ മൂന്നാംഗ്രേഡ് ഓവർസിയറായ ശ്രീമതി ലത.എം.എസ്സിനെ, സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ അന്തിമസീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി ടിയാളുടെ നിവേദനവും സേവനവിവരങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

ടി സേവനവിവരങ്ങൾ പരിശോധിച്ചതിൻപ്രകാരം, ടിയാൾ കേരളാപബ്ലിക് സർവ്വീസ് കമ്മീഷന്റെ 08/06/1990 ലെ നിയമനനിർദ്ദേശ നമ്പർ RIA(5)/14143/90/GW ൽ ക്രമനമ്പർ 90 ആയി ഉൾപ്പെട്ടിട്ടുള്ളതും, പൊതുമരാമത്തു വകുപ് ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ 16/07/1990 ലെ ഉത്തരവ് നമ്പർ EB5/49680/90 പ്രകാരം 26/07/1990 ൽ മൂന്നാംഗ്രേഡ് ഓവർസിയറായി സേവനമാരംഭിച്ചിട്ടുള്ളതുമാകുന്നു.

ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ 01/04/1990 മുതൽ 31/12/2007 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി ലത.എം.എസ്സിനെ റാങ്ക് നമ്പർ 31 (എ) ആയി ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ടി തീരുമാനം സൂചന 3 പ്രകാരമുള്ള നോട്ടീസിലൂടെ വകുപ്പ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പരാതിയോ, ആക്ഷേപമോ ഉള്ള ജീവനക്കാർക്ക് ആയത് സമർപ്പിക്കുന്നതിന് രണ്ടാഴ്ച സമയം അനുവദിച്ചിട്ടുള്ളതുമാകുന്നു. എന്നാൽ സമയബന്ധിതമായോ നാളിതുവരെയോ യാതൊരുവിധ പരാതികളും ലഭിച്ചിട്ടില്ലാത്തതിനാൽ ടി തീരുമാനം ഇതിനാൽ അന്തിമമായി കൈക്കൊള്ളുന്നു.

| റാങ്ക് നമ്പർ | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | പി.എസ്സ്.സി അഡ്വൈസ്/നിയമന ഉത്തരവ് | സർവ്വീസിൽ പ്രവേശിച്ച തീയതി |
|---|---|---|---|---|---|
| 31(എ) | ലത.എം.എസ്സ് | 23/03/1965 | SSLC, D'man Civil | RIA(5) 14143/90/GW dated 08/06/1990 | 26/07/1990 |

ഒപ്പ്/
ചീഫ് എഞ്ചിനീയർ
ഭരണവിഭാഗം

സ്വീകർത്താവ്
മേലധികാരി മുഖേന വ്യക്തിക്ക്
പകർപ്പ്
ഐറ്റി.സെൽ/ ഇബി4എ സെക്ഷൻ/സ്റ്റോക്ക്/സ്പെയർ

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്(പി.എഫ്)

SR